കൾ സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് മാത്രമേ ഇത് ഏറ്റെടുത്ത് പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ.

(ബി) ചോദ്യം ഉദിക്കുന്നില്ല.

101 (1550) മലയിൻകീഴ് ബാലരാമപുരം സ്റ്റേഷൻ മാസ്റ്റർ ഓഫീസുകൾ

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. മലയിൻകീഴ്, ബാലരാമപുരം എന്നീ പ്രധാന കേന്ദ്രങ്ങളിൽ മുമ്പ് പ്രവർത്തിച്ചിരുന്ന സ്റ്റേഷൻ മാസ്റ്റർ ഓഫീസുകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർത്തലാക്കിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ഈ രണ്ട് കേന്ദ്രങ്ങളിലെയും ബസുകളുടെ വർദ്ധനവും യാത്രക്കാരുടെ തിരക്കും പരിഗണിച്ച് നിറുത്തലാക്കിയ പ്രസ്തുത ഓഫീസുകൾ പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടിരുന്നതിനാലും സാമ്പത്തിക പരാധീനതയുള്ളതിനാലുമാണ് ബാലരാമപുരത്ത് പ്രവർത്തിച്ചിരുന്ന സ്റ്റേഷൻ മാസ്റ്റർ ഓഫീസ് നിറുത്തലാക്കിയത്. ഇക്കാരണത്താൽ തന്നെ അവിടെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് തുറന്നു പ്രവർത്തിക്കുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നില്ല.

മലയിൻകീഴിനു വളരെ അടുത്തായി കാട്ടാക്കട ഡിപ്പോ പ്രവർത്തിക്കുന്നതിനാലും ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പ്രവർത്തിക്കുന്നതിനുള്ള സാമ്പത്തിക ചെലവ് ഏകദേശം 5 ലക്ഷം രൂപ വരുമെന്നതിനാലും മലയിൻകീഴ് സ്റ്റേഷൻ മാസ്റ്ററാഫീസ് പുനഃസ്ഥാപിക്കാൻ തൽക്കാലം കഴിയുന്നില്ല.

102 (1551) പാറശ്ശാലയിൽ റീജിയണൽ വർക്ക്ഷോപ്പിന്റെ പണി

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാലയിൽ 1994-ൽ ആരംഭിച്ച റീജിയണൽ വർക്ക്ഷോപ്പിന്റെ പണി സ്തംഭനാവസ്ഥയിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർക്ക്ഷോപ്പിനുവേണ്ടി പൊന്നുംവിലയ്ക്ക് എടുത്ത സ്ഥലം ഇന്ന് സാമൂഹ്യ വിരുദ്ധരുടെ താവളമായിരിക്കുന്ന വിവരം അറിയുമോ;

(സി) ഇക്കൊല്ലം തന്നെ വർക്ക്ഷോപ്പിന്റെ പണി പൂർത്തിയാക്കുകയും അതോടൊപ്പം ഒരു ബസ് ബോഡി ബിൽഡിംഗ് യൂണിറ്റും, പ്രിന്റിംഗ് പ്രസും ആരംഭിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly